# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 601 — 09/07/2014-ൽ മറുപടിക്ക്

## പട്ടിണിമരണങ്ങളും കൃഷിഭൂമി ഏറ്റെടുക്കലും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി.കെ. നാണു : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ആദിവാസികളുടെ ഇടയിൽ പട്ടിണി മരണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | ഉണ്ടെങ്കിൽ പട്ടിണിമരണം തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി | പട്ടികവർഗ്ഗക്കാർക്കിടയിൽ പട്ടിണിയും തൊഴിലില്ലായ്മയും ഉണ്ടാകാതിരിക്കുന്നതിന് മുൻകരുതലായി പട്ടികവർഗ്ഗ വികസന വകുപ്പ് ഭക്ഷ്യ സഹായ പദ്ധതി, റേഷൻ വിതരണം, ഇടമലക്കുടി പോലുള്ള വിദൂര പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള റേഷൻ സാധനങ്ങളുടെ ചുമട്ടുകൂലി, പി.വി.റ്റി.ജി. മേഖലയിൽ ഭക്ഷ്യധാന്യ വിതരണം എന്നീ പദ്ധതികൾ നടപ്പാക്കുന്നു. |
| സി | തരിശിട്ടിരിക്കുന്ന ഭൂമി ഏറ്റെടുത്ത് ആദിവാസികൾക്ക് കൃഷിക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | സി | പട്ടികവർഗ്ഗ സങ്കേതങ്ങളോട് ചേർന്ന് കിടക്കുന്നതും, കൃഷിയോഗ്യവുമായ ഭൂമി ലഭിക്കുകയാണെങ്കിൽ ടി ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് താല്പര്യമുള്ള പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിന് പരിഗണന നൽകുന്നതാണ്. ഇത്തരം പദ്ധതികൾ കുടുംബശ്രീ-അയൽക്കൂട്ടങ്ങൾ വഴി നടപ്പാക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ